# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.295 - 29/06/2016 - ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ.മുരളി | ഡോ.റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| (എ) 2011-12, 2012-13, 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ പൊതുകടം എത്ര യായിരുന്നു എന്ന് അറിയിക്കുമോ; | 2011-12, 2012-13, 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ പൊതുകടം ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ) |
| (ബി) ഈ സർക്കാർ അധികാര മേൽക്കുമ്പോഴുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് വിശദമാക്കുമോ; | 25.05.2016 -ൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഓപ്പണിംഗ് ബാലൻസായി **1009.30** കോടി രൂപ ട്രഷറി ബില്ലിൽ നിക്ഷേപമായുണ്ടായിരുന്നു. എന്നാൽ പെൻഷൻ കുടിശ്ശികയിനത്തിലും (1000 കോടിയിൽ പരം രൂപ) വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തു തീർക്കാനുള്ള ബില്ലും (2000 കോടി രൂപ) കരാറുകാർക്കും അവരുടെ ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്ന ബാങ്കുകൾക്കും (1600 കോടിരൂപ) വിവിധ പൊതു മേഖലാ സ്ഥാപനങ്ങൾ/ക്ഷേമനിധി ബോർഡുകൾ തുടങ്ങിയവയിൽ നിന്ന് സ്ഥിര നിക്ഷേപമായി സമാഹരിച്ച (1365 കോടി രൂപ) തുകയും ഉൾപ്പെടെ ആകെ 5965 കോടിയിൽ പരം രൂപ നടപ്പു സാമ്പത്തിക വർഷം അടിയന്തിരമായി കൊടുത്തു തീർക്കുവാനുണ്ട്. |
| (സി) സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധവള പത്രം പുറപ്പെടുവിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ ? | സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വിശദീകരിക്കുന്ന ഒരു ധവളപത്രം തയ്യാറാക്കുന്നതിനും പുറപ്പെടുവിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

| വർഷം | പൊതുകടം/കടബാദ്ധ്യത |
|---|---|
| 2011-12 | 89418.18 |
| 2012-13 | 103560.84 |
| 2013-14 | 119009.07 |
| 2014- 15 | 135440.24 |
| 2015-16<br>(പ്രാഥമിക കണക്ക്) | 155389.33 |

*അക്കൗണ്ട്സ് ഓഫീസർ*